REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 27-03-2025 | സമയം 12.30 PM

## പ്രധാന വാർത്തകൾ

- **വയനാട്ടിലെ പുനരധിവാസ ടൗൺഷിപ്പിന് കല്പറ്റയിൽ മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് തറക്കല്ലിടും.**
- **കേരളത്തിൽ മാധ്യമങ്ങൾ ഇടതുപക്ഷ വിരുദ്ധതയ്ക്കാണ് പ്രാധാന്യം നൽകുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **സംസ്ഥാനത്തെ സ്കൂൾ ഉച്ചഭക്ഷണ പാചക തൊഴിലാളികളുടെ വേതന വിതരണത്തിന് 14 കോടി 29 ലക്ഷം രൂപ അനുവദിച്ചു.**
- **റമസാൻ വ്രതാനുഷ്ഠാനം അവസാന ഘട്ടത്തിലേക്ക് കടന്നു.**
- **മലപ്പുറം വളാഞ്ചേരിയിൽ ലഹരി സംഘത്തിലെ ഒമ്പത് പേർക്ക് HIV സ്ഥിരീകരിച്ചു.**

## വാർത്തകൾ വിശദമായി

വയനാട്ടിലെ മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടൽ ദുരന്തബാധിതർക്കായി ഗവൺമെന്റൊരുക്കുന്ന പുനരധിവാസ ടൗൺഷിപ്പിന് കല്പറ്റയിൽ മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് തറക്കല്ലിടും. എൽസ്റ്റൺ എസ്റ്റേറ്റിലെ 64 ഹെക്ടർ ഭൂമിയിൽ ഏഴ് സെന്റ് വീതം പ്ലോട്ടുകളിൽ, ഒറ്റനില വീടുകൾ ആണ് നിർമിക്കുന്നത്.

ഡെസ്ക് റിപ്പോർട്ട്..

--- -- വോയിസ് ----

ആയിരം ചതുരശ്ര അടി വിസ്തീർണത്തിലാകും ഓരോ വീടിന്റെയും നിർമാണം. റോഡുകളും പാർക്കിങ്ങും സ്കൂളും കളിസ്ഥലവും ഉൾപ്പെടെ സൗകര്യങ്ങൾ

ടൗൺ ഷിപ്പിൽ ഉണ്ടായിരിക്കും. ആരോഗ്യ കേന്ദ്രം, ആധുനിക അങ്കണവാടി, പൊതുമാർക്കറ്റ്, കമ്മ്യൂണിറ്റി സെന്റർ തുടങ്ങിയ സൗകര്യങ്ങളും ടൗൺഷിപ്പിൽ ഒരുക്കും. ഉറ്റവരും ഉടയവരും ഒരു പുരുഷായുസ്സിന്റെ സമ്പാദ്യങ്ങളുമെല്ലാം നഷ്ടമായ മനുഷ്യർക്ക് കേന്ദ്ര- സംസ്ഥാന സഹായത്തോടൊപ്പം മലയാളികളും ഒന്നടങ്കം കൈകോർത്താണ് പുതുജീവിതം സമ്മാനിക്കുന്നത്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിക്കാണ് ടൗൺഷിപ്പിന്റെ നിർമാണ ചുമതല.

✪✪✪

വയനാട്ടിലെ ദുരന്തബാധിതരുടെ പുനരധിവാസത്തിന് മുഖ്യമന്ത്രിയുടെ ഉറപ്പ് പാലിക്കുന്ന സുപ്രധാന ചുവടുവെപ്പാണ് വയനാട്ടിൽ നിർമ്മിക്കുന്ന ടൗൺഷിപ്പെന്ന് മന്ത്രി P രാജീവ് ഫേസ്ബുക്കിൽ കുറിച്ചു.

എല്ലാ പ്രതിസന്ധികളിലും ഒന്നിച്ചുനിന്ന കേരളത്തിന്റെ പുതിയ അധ്യായത്തിന് തുടക്കം കുറിക്കാൻ ടൗൺഷിപ്പിന് കഴിയുമെന്ന് മന്ത്രി അറിയിച്ചു.

✪✪✪

കേരളത്തിൽ മാധ്യമങ്ങൾ ഇടതുപക്ഷ വിരുദ്ധതയ്ക്കാണ് പ്രാധാന്യം നൽകുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

ദേശാഭിമാനിയുടെ പുതിയ കെട്ടിടം കോഴിക്കോട് പന്തീരാങ്കാവിനടുത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. മാധ്യമങ്ങൾ പലപ്പോഴും വസ്തുതകൾ മറച്ചുവെച്ച് തെറ്റായ വിവരങ്ങൾ നൽകുന്നുണ്ടെന്നും മുഖ്യമന്ത്രി വിമർശിച്ചു.

ചടങ്ങിൽ പ്രിന്റിംഗ് പ്രസ് CPIM സംസ്ഥാന സെകട്ടറി MV ഗോവിന്ദൻ സ്വിച്ചോൺ ചെയ്തു.

✪✪✪

സംസ്ഥാനത്തെ സ്കൂൾ ഉച്ചഭക്ഷണ പാചക തൊഴിലാളികൾക്ക് വേതന വിതരണത്തിന് 14 കോടി 29 ലക്ഷം രൂപ അനുവദിച്ചതായി മന്ത്രി KN ബാലഗോപാൽ അറിയിച്ചു. 13,560 തൊഴിലാളികളുടെ ഫെബ്രുവരിയിലെ വേതനം നൽകുന്നതിനാണ് സംസ്ഥാനം അധിക സഹായമായി തുക ലഭ്യമാക്കിയതെന്ന് അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു.

കേരളത്തിൽ സ്കൂൾ ഉച്ചഭക്ഷണ പാചക തൊഴിലാളികൾക്ക് ഒരു മാസത്തെ 20 പ്രവർത്തി ദിവസങ്ങൾക്ക് 13,500 രൂപ വരെയാണ് ലഭിക്കുന്നത്. ഇതിൽ കേന്ദ്ര വിഹിതം 600 രൂപ മാത്രമാണെന്നും മന്ത്രി പറഞ്ഞു. ബാക്കി തുക സംസ്ഥാന ഫണ്ടിൽ നിന്നാണ് നൽകുന്നത്. കേന്ദ്ര മാനദണ്ഡപ്രകാരം സ്കൂൾ

പാചക തൊഴിലാളികൾക്ക് പ്രതിമാസം 1,000 രൂപ മാത്രമാണ് ഓണറേറിയമായി നൽകേണ്ടത്. എന്നാൽ കേരളത്തിൽ അവരുടെ പ്രതിദിന വേതനം 600 രൂപ മുതൽ 675 രൂപ വരെയാണെന്ന് KN ബാലഗോപാൽ വ്യക്തമാക്കി.

✪✪✪

കേരളത്തെ വികസനസൗഹൃദ തൊഴിലിട സംസ്കാരത്തിലേക്ക് നയിക്കുന്നതിൽ ആരോഗ്യകരമായ തൊഴിലാളി തൊഴിലുടമാ ബന്ധം അവിഭാജ്യഘടകമാണെന്ന് മന്ത്രി V ശിവൻകുട്ടി പറഞ്ഞു. തൊഴിലാളികളുടെയും തൊഴിലുടമകളുടെയും വളർച്ച പരസ്പരപൂരകമാണെന്നും ഈ കാഴ്ചപ്പാടിലൂന്നിയ തൊഴിൽ നയമാണ് ഗവൺമെന്റ് മുന്നോട്ട് വെക്കുന്നതെന്നും ശിവൻകുട്ടി തിരുവനന്തപുരത്ത് പറഞ്ഞു.

✪✪✪

ശിശുമരണം കുറയ്ക്കുന്നതിന് ഇന്ത്യയുടെ ശ്രമങ്ങളും പുരോഗതിയും മാതൃകാപരമാണെന്ന് ഐക്യരാഷ്ട്ര സംഘടനാ റിപ്പോർട്ട്. ആരോഗ്യസംവിധാനത്തിലെ തന്ത്രപരമായ പ്രവർത്തനങ്ങൾ ദശലക്ഷക്കണക്കിന് ജീവിതത്തെ രക്ഷപ്പെടുത്തിയതായി UN റിപ്പോർട്ട് വ്യക്തമാക്കി. രാജ്യത്ത് 2000 മുതൽ, അഞ്ചിന് താഴെ പ്രായക്കാരായ കുട്ടികളുടെ മരണനിരക്ക് 70 ശതമാനവും നവജാത ശിശു മരണനിരക്ക് 61 ശതമാനവും കുറഞ്ഞതായി റിപ്പോർട്ടിൽ പറയുന്നു.

✪✪✪

നാവിക സേനയ്ക്കായി DRDO തദ്ദേശീയമായി വികസിപ്പിച്ച, കരയിൽ നിന്ന് ആകാശത്തേക്ക് തൊടുത്തുവിടാൻ കഴിയുന്ന മിസൈൽ വിജയകരമായി പരീക്ഷിച്ചു. ഒഡീഷയിലെ ചാന്ദിപ്പൂർ ഇന്റഗ്രേറ്റഡ് ടെസ്റ്റ് റേഞ്ചിൽ നിന്നായിരുന്നു വിക്ഷേപണം. 50 കിലോമീറ്റർ അകലെ ലക്ഷ്യത്തിലെത്താൻ ഈ ഹ്രസ്വദൂര മിസൈലിന് കഴിയും. മിസൈൽ വിജയകരമായി പരീക്ഷിച്ച DRDO യേയും നാവിക സേനയേയും രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് അഭിനന്ദിച്ചു.

✪✪✪

ലോക ദൃശ്യ-ശ്രാവ്യ- വിനോദ ഉച്ചകോടി - WAVES 2025- ന് മീഡിയാ രജിസ്ട്രേഷൻ ആരംഭിച്ചു. മുംബൈയിൽ മെയ് ഒന്നു മുതൽ നാലു വരെ സംഘടിപ്പിക്കുന്ന വേവ്സ് ഉച്ചകോടിയിൽ മാധ്യമപ്രവർത്തകർ, ഫോട്ടോഗ്രാഫർമാർ, ക്യാമറാമാൻമാർ, കണ്ടന്റ്ക്രിയേറ്റേഴ്സ്, ഫ്രീലാൻസ് പത്രപ്രവർത്തകർ തുടങ്ങിയവർക്ക് രജിസ്റ്റർ ചെയ്യാം. അപേക്ഷാഫോമും

വിശദാംശങ്ങളും app.wavesindia.org/register/media എന്ന വെബ്സൈറ്റിൽ മാധ്യമപ്രതിനിധികൾക്ക് ലഭ്യമാണ്.

✪✪✪

റിസർവ് ബാങ്കിന്റെ ധന നയ സമിതിയുടെ പുതിയ സാമ്പത്തിക വർഷത്തെ ആദ്യയോഗം ഏപ്രിൽ ഏഴിന് ആരംഭിക്കും. ഒൻപതിനാണ് സാമ്പത്തിക നയപ്രഖ്യാപനം.

✪✪✪

ഇന്ന് ലോക നാടക ദിനം. 1961ൽ ഇന്റർനാഷണൽ തിയേറ്റർ ഇൻസ്റ്റിറ്റ്യൂട്ട് ആണ് മാർച്ച് 27 ലോക നാടകദിനമായി ആചരിച്ചു തുടങ്ങിയത്.

ഡെസ്ക് റിപ്പോർട്ട്.

..........വോയ്സ്...........

ഭാഷ, ദേശം, ലിംഗം എന്നിവയുടെ അതിർവരമ്പുകൾ അപ്രസക്തമാക്കുന്നവയാണ് നാടകങ്ങൾ. ലോകമെമ്പാടും ജനങ്ങളെ ഒരുമിച്ച് നിർത്തുന്നതിൽ രംഗകലയ്ക്ക് വലിയ പങ്കുണ്ട്. സമൂഹത്തിന് നേരെ തുറന്ന് പിടിച്ച കണ്ണാടിയണ് ഈ രംഗകല. മനുഷ്യ ജീവിതത്തിന്റെ വളർച്ചയെയും, തളർച്ചയെയും, സംഘർഷങ്ങളെയും, സന്തോഷങ്ങളെയുമെല്ലാം അടയാളപ്പെടുത്തുന്നതിൽ നാടകങ്ങൾ വഹിച്ച പങ്ക് ചെറുതല്ല.

തോപ്പിൽ ഭാസി, G ശങ്കരപ്പിള്ള, കാവാലം നാരായണപണിക്കർ, KT മുഹമ്മദ്, തിക്കോടിയൻ, PM താജ് തുടങ്ങി പ്രഗത്ഭരുടെ നിര മലയാള നാടക വേദിക്ക് ദിശാബോധം നൽകി. ഇവർ കാലയവനികയിൽ മറഞ്ഞെങ്കിലും ദീപൻ ശിവരാമന്റ ഖസാക്കിന്റെ ഇതിഹാസമുൾപ്പെടെ ആധുനിക നാടകങ്ങൾ ആസ്വാദക മനസ്സിനെ ഇപ്പോഴും ആകർഷിക്കുന്നു. നാടിന്റെ അകമെന്നും കണ്ണിന്റെ കലയെന്നും ഉൾപ്പെടെ നാടകത്തിന് വിശേഷണങ്ങളേറെയുണ്ട്. സ്വാതന്ത്ര്യാനന്തര കേരളത്തിൽ വിപ്ലവ സംഘടനകളുടെ, മുഖമായും KPAC പോലെ ആശയപ്രചാരണത്തിന്റെ മാധ്യമമായും, നാടക സംഘങ്ങൾ നഗര-ഗ്രാമ വ്യത്യാസമില്ലാതെ കേരളത്തിന്റെ ആസ്വാദക ഹൃദയത്തിൽ ഇടം നേടി. സംസ്ഥാന ഗവൺമെന്റിന്റെ നേതൃത്വത്തിൽ തൃശൂരിൽ സംഘടിപ്പിച്ചുവരുന്ന അന്താരാഷ്ട്ര നാടകോത്സവമായ ഇറ്റ്ഫോക്കും കേരളത്തിന്റെ പുത്തൻ നാടക ചരിത്രത്തെ അടയാളപ്പെടുത്തുന്നു.

✪✪✪

ദേശീയ ഗോത്ര സാഹിത്യോത്സവം വൈകിട്ട് കോഴിക്കോട് കിർത്താഡ്സ് ക്യാംപസിൽ മന്ത്രി O.R കേളു ഉദ്ഘാടനം ചെയ്യും. ഗോത്ര ജനതയുടെ സാഹിത്യ സംഭാവനകളെ അടുത്തറിയാനും, ഗോത്രജീവിതം മനസ്സിലാക്കാനുമാണ് സാഹിത്യോത്സവം ലക്ഷ്യമിടുന്നത്.

ശനിയാഴ്ച സമാപനസമ്മേളനത്തിൽ കേന്ദ്രസഹമന്ത്രി ജോർജ് കുര്യനും, MK രാഘവൻ MP യും പങ്കെടുക്കും.

✪✪✪

വിശുദ്ധ റമസാൻ വ്രതാനുഷ്ഠാനം അവസാന ഘട്ടത്തിലേക്ക് കടന്നു. ആയിരം മാസങ്ങളേക്കാൾ ശ്രേഷ്ഠമായ ലൈലത്തുൽ ഖദ്റിനെ ഏറെ പ്രതീക്ഷിക്കുന്ന 27-ാം രാവാണ് ഇന്ന്. വിശ്വാസികളുടെ വീടുകളും പള്ളികളും ഖുർആൻ പാരായണവും പ്രത്യേക നമസ്കാരങ്ങളുമായി കൂടുതൽ ഭക്തിസാന്ദ്രമാകും. പുലർച്ചെ വരെ പള്ളികളിൽ താമസിച്ച് വിശ്വാസികൾ ആരാധനാ കർമങ്ങളിൽ ഏർപ്പെടും.

✪✪✪

മലപ്പുറം സ്വലാത്ത് നഗറിൽ റംസാൻ 27-ാം രാവ് പ്രാർത്ഥനാ സമ്മേളനത്തിന് രാവിലെ തുടക്കമായി. വൈകിട്ട് ഒരു ലക്ഷത്തോളം പേർ പങ്കെടുക്കുന്ന മെഗാ ഇഫ്താർ സംഗമവും ഉണ്ടായിരിക്കും. രാത്രി ഒൻപതിന് പ്രധാന ചടങ്ങുകൾ, അഖിലേന്ത്യാ സുന്നി ജം ഇയ്യത്തുൽ ഉലമ ജനറൽ സെക്രട്ടറി കാന്തപുരം AP അബൂബക്കർ മുസ്ലിയാർ ഉദ്ഘാടനം ചെയ്യും.

✪✪✪

ഖേലോ ഇന്ത്യ പാരാ ഗെയിംസ് വൈകീട്ട് ന്യൂഡൽഹിയിൽ സമാപിക്കും. സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ സംഘടിപ്പിക്കുന്ന സമാപന ചടങ്ങിൽ കേന്ദ്ര സഹമന്ത്രി രക്ഷ നിഖിൽ ഖഡ്സെ പങ്കെടുക്കും.

31 സ്വർണവും 36 വെള്ളിയും 29 വെങ്കലവുമടക്കം 96 മെഡലുകളുമായി ഹരിയാനയാണ് ആദ്യസ്ഥാനത്ത് - 26 സ്വർണമടക്കം 68 മെഡലുകൾ നേടിയ തമിഴ്നാട് രണ്ടാമതും.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് ലക്നൗ സൂപ്പർ ജയന്റ്സ്, സൺ റൈസേഴ്സ് ഹൈദരാബാദിനെ നേരിടും. വൈകിട്ട് ഏഴരക്ക് ഹൈദരാബാദിലാണ് മത്സരം.

✪✪✪

മലപ്പുറം വളാഞ്ചേരിയിൽ ലഹരി സംഘത്തിൽപെട്ടവർക്ക് HIV ബാധ സ്ഥിരീകരിച്ചു. ഒരു സംഘത്തിലെ ഒമ്പത് പേർക്കാണ് HIV സ്ഥിരീകരിച്ചത്. കേരള എയ്ഡ്സ് സൊസൈറ്റി നടത്തിയ സ്ക്രീനിംഗിലാണ് രോഗബാധ കണ്ടെത്തിയത്. ഇതിൽ മൂന്ന് പേർ ഇതര സംസ്ഥാന തൊഴിലാളികളാണ്. വാർത്ത മലപ്പുറം DMOയും സ്ഥിരീകരിച്ചു. ഒരേ സിറിഞ്ചിൽനിന്ന് ലഹരി ഉപയോഗിച്ചതാണ് രോഗബാധയ്ക്ക് കാരണം.

✪✪✪

സംസ്ഥാനത്ത് ആശാവർക്കർമാരുടെ സമരം 46-ാം ദിവസത്തിലേക്ക് കടന്നു. സെക്രട്ടറിയേറ്റിന് മുന്നിൽ ആശമാർ നടത്തുന്ന നിരാഹാര സമരം ഇന്ന് എട്ടാം ദിവസമാണ്.

✪✪✪

കണ്ണൂർ കോർപറേഷന്റെ അടുത്ത സാമ്പത്തിക വർഷത്തെ ബജറ്റ് ഡെപ്യൂട്ടി മേയർ P. ഇന്ദിര അവതരിപ്പിച്ചു.

504 കോടി 91 ലക്ഷത്തി 24,548 രൂപ വരവും 504 കോടി 41 ലക്ഷത്തി 44,666 രൂപ ചെലവും പ്രതീക്ഷിക്കുന്ന ബജറ്റാണ് അവതരിപ്പിച്ചത്.

✪✪✪

നഗരവികസനത്തിനും മാലിന്യ സംസ്കരണത്തിനും പ്രാധാന്യം നൽകി പാലക്കാട് നഗരസഭ ബജറ്റ്. 126 കോടി 71 ലക്ഷം രൂപ വരവും 82 കോടി 87 ലക്ഷം രൂപ ചെലവും 43 കോടി 84 ലക്ഷം രൂപ നീക്കിയിരുപ്പും ബജറ്റിലുണ്ട്.

✪✪✪

വയനാട് MP പ്രിയങ്കാഗാന്ധി ഇന്ന് മുതൽ 29 വരെ മണ്ഡലത്തിലെ വിവിധ പരിപാടികളിൽ പങ്കെടുക്കും. പുൽപ്പള്ളി സീതാദേവി ലവകുശ ക്ഷേത്ര സന്ദർശനത്തോടെയാണ് പ്രിയങ്കാഗാന്ധിയുടെ മണ്ഡലത്തിലെ പരിപാടികൾക്ക് ഇന്ന് തുടക്കമാവുന്നത്. തുടർന്ന് പുൽപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ പുതിയ ഓഫീസ് കെട്ടിടം MP ഉദ്ഘാടനം ചെയ്യും.

✪✪✪

*News Reader: വി കെ സുരേഷ്*
*News Team: അനിൽ ചന്ദ്രൻ, സയ്യിദ് അലി ശിഹാബ് തങ്ങൾ, രജിന കെ*
*DEO: സുബോധ് സി കെ*